**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2203** **09-02-2023 - ൽ മറുപടിയ്ക്ക്**

**ഇന്റർ ഡിസ്ട്രിക്ട് സ്ക്വാഡ്, ക്വിക്ക് റെസ്പോൺസ് സ്ക്വാഡ് എന്നിവ സജീവമാക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്,<br>ശ്രീ . ഷാഫി പറമ്പിൽ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഭക്ഷ്യസുരക്ഷ വകുപ്പിന് കീഴിൽ കാര്യക്ഷമമായ ഭക്ഷ്യ സുരക്ഷ പരിശോധനയ്ക്ക് ഇന്റർ ഡിസ്ട്രിക്ട് സ്ക്വാഡുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇത്തരം സ്ക്വാഡുകളുടെ പ്രവർത്തനം അവസാനിപ്പിച്ചതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | ഇന്റർ ഡിസ്ട്രിക്ട് സ്ക്വാഡുകൾ നിലവിൽ പ്രവർത്തിക്കുന്നില്ല.<br><br>ഭക്ഷ്യ സുരക്ഷാ ഓഫീസർമാർ പരിശോധന നടത്തേണ്ടത് FoSCoRIS എന്ന ഓൺലൈൻ സംവിധാനത്തിലൂടെയാണ്. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമ പ്രകാരം ഭക്ഷ്യ സുരക്ഷാ ഓഫീസർമാർക്ക് ചുമതലയുള്ള സ്ഥലത്ത് ലഭിച്ചിരിക്കുന്ന യൂസർ ഐഡി, പാസ്സ്‌വേർഡ് എന്നിവ ഉപയോഗിച്ച് മാത്രമേ ഇത്തരം പരിശോധനകൾ നടത്താൻ കഴിയുകയുള്ളൂ. ഇന്റർ ഡിസ്ട്രിക് സ്ക്വാർഡുകൾ നടത്തുന്ന പരിശോധനകൾ FoSCoRIS വഴി എൻട്രി വരുത്താൻ കഴിയാത്തതിനാൽ സ്ക്വാർഡുകൾ പ്രവർത്തിക്കുന്നില്ല. എന്നാൽ ജില്ലകളിൽ സ്ക്വാഡുകൾ കാര്യക്ഷമമായി പ്രവർത്തനം നടത്തുന്നുണ്ട്. |
| (ബി) | റസ്റ്റോറന്റുകളിലെയും ഹോട്ടലുകളിലെയും ഫ്രീസറുകൾ ഉൾപ്പെടെയുള്ളവ രാത്രി കാലങ്ങളിലും പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി നിയോഗിച്ചിരുന്ന ക്വിക്ക് റെസ്പോൺസ് സ്ക്വാഡ് നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. ഭക്ഷ്യ വിഭവങ്ങളുടെ നിലവാരവും സുരക്ഷിതത്വവും ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ബേക്കറികൾ തുടങ്ങി മാംസാഹാരം വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾ പരിശോധിക്കുന്നതിനായി രൂപീകരിച്ച ഓപ്പറേഷൻ ഷവർമ്മ എന്ന പദ്ധതിയുടെ ഭാഗമായി മാത്രം **2022** ഏപ്രിൽ മുതൽ ഡിസംബർ വരെ **8224** പരിശോധനകൾ നടത്തുകയും**, 1081** സ്ഥാപനങ്ങൾക്ക് നോട്ടീസുകൾ നൽകുകയും**, 36,42,500** രൂപ **(**മുപ്പത്തി ആറ് ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം**)** പിഴ ചുമത്തുകയും ചെയ്തു**.** സർക്കാർ അടുത്ത കാലത്ത് പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ**,** ഷവർമ വിൽപ്പന നടത്തുന്ന ഭക്ഷ്യ സ്ഥാപനങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിനായി രാത്രികാലങ്ങളിൽ പ്രവർത്തിക്കുന്ന ഷവർമ്മ ടക്കുകൾ**,** ഷവർമ്മ |

| | | | |
|---|---|---|---|
| | | | വിൽപ്പന നടത്തുന്ന മറ്റ് ഭക്ഷ്യ സ്ഥാപനങ്ങൾ എന്നിവ സ്ഥിരമായി പരിശോധിച്ച് വരുന്നു. |
| (സി) | സംസ്ഥാനത്ത് ഭക്ഷ്യവിഷബാധകൾ റിപ്പോർട്ട് ചെയ്യുന്നത് വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇന്റർ ഡിസ്ട്രിക്ട് സ്ക്വാഡ്, ക്വിക്ക് റെസ്പോൺസ് സ്ക്വാഡ് എന്നിവ സജീവമാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്ത് ഉണ്ടാകുന്ന ഭക്ഷ്യ വിഷബാധ പോലുള്ള അടിയന്തര ഘട്ടങ്ങളിൽ അന്വേഷിച്ച് ആവശ്യമായ തുടർനടപടികൾ എടുക്കുന്നതിനും കമ്മീഷണർക്ക് റിപ്പോർട്ട് ചെയ്യുന്നതിനും മാർക്കറ്റിൽ മായം ചേർത്ത ഭക്ഷ്യവസ്തുക്കൾ എത്തുന്നതിന് മുമ്പായി തന്നെ തടയുന്നതിനുമായി രഹസ്യസ്വഭാവത്തോടുകൂടി അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിനുമായി ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണറുടെ നേതൃത്വത്തിൽ സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ